# ബഥനിയുടെ
# മാർ ഈവാനിയോസ്



www.malankaralibrary.com

# ബഥനിയുടെ

# മാർ ഈവാനിയോസ്

ഡോ. ലൂയിസ് മൂലവീട്ടിൽ ഒ. ഐ. സി.

ബഥനി പബ്ളിക്കേഷൻ (B. P. No. 15),
ബഥനി ആശ്രമം, തിരുവല്ല–689 101.

www.malankaralibrary.com

**BETHANYUDE MAR IVANIOS**

Published in December 1982

Printed at: Bethany Press, Kottayam-10,

Available at: Bethany Book Centre
Tirumoolapuram
Tiruvalla-689101

Copy right to the Author

Price: Rs. 3

## ഗ്രന്ഥകർത്താവിന്റെ കൃതികൾ

1 യാക്കോബിന്റെ അനാഫൂറാ (1976)

2 പൗരസ്ത്യ സഭാ പിതാക്കന്മാർ (Ed. 1980)

3 കൂദാശകൾ മലങ്കരസഭയിൽ (Ed. 1980)

4 ബഥനിയുടെ മാർ ഈവാനിയോസ് (1982)

5 The Spirituality of Mar Ivanios (1977)

6 The Spiritual Heritage of the Malankara Church (1982)

www.malankaralibrary.com

ബഥനി സമൂഹസ്ഥാപകനും
സഭൈക്യപ്രവാചകനുമായ
മാർ ഈവാനിയോസ് പി
താവിന്റെ ജന്മശതാബ്ദിയോ
ടനുബന്ധിച്ച് ബഥനിമക്കൾ
സമർപ്പിക്കുന്ന ഉപഹാരം.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



**(1882—1982)**

www.malankaralibrary.com

## ഉള്ളടക്കം


ആമുഖം 11

**മാർ ഈവാനിയോസ്:**

ജനനം—വിദ്യാഭ്യാസം 13

എം. എ. ബിരുദം 14

പ്രിൻസിപ്പൽ 14

പ്രൊഫസർ 16

ആശ്രമ സ്ഥാപകൻ 16

ബഥനി 20

ജീവിതരീതി 21

ബഥനി മെത്രാൻ 23

സന്യാസിനി സമൂഹം 26

തൃതീയാശ്രമം 27

മെത്രാപ്പോലീത്താ 28

പുനരൈക്യം 29

**സന്യാസദർശനം:**

ആദ്ധ്യാത്മികത 32

പ്രാർത്ഥനയുടെ മനുഷ്യൻ 34

പ്രവർത്തനപാതയിൽ 38

പ്രാർത്ഥനയും പ്രവർത്തനവും 40

ഭാരതീയാഭിമുഖ്യം 41

**സ്മരണീയദിനങ്ങൾ** 43


www.malankaralibrary.com

# ആമുഖം

മാനവചരിത്രത്തിന്റെ ഓരോ കാലഘട്ടത്തിലും സമകാലിക ലോകത്തിന്റെ ചൈതന്യത്തെ സംജീവിതത്തിലും ജീവിതലക്ഷ്യത്തിലും സമാഹരിച്ച മഹാനുഭവന്മാർ ഉണ്ടായിട്ടുണ്ട്. റോമൻയുഗത്തിന്റെ സായാഹ്നവേളയിൽ സിസറൊയെപ്പോലുള്ള പ്രഭാഷണചതുരന്മാരേയും മദ്ധ്യയുഗങ്ങളിൽ റിച്ചാർഡിനേയും റോളൻഡിനേയും പോലുള്ള രാജാക്കന്മാരേയും യുദ്ധവീരന്മാരേയും നമുക്കു കണ്ടുമുട്ടാം. നവോത്ഥാന കാലഘട്ടത്തെ പ്രകാശമാനമാക്കുന്ന കൊളമ്പസിനേയും ഇറാസ്മസിനെയും പോലുള്ള ധീരസാഹസികന്മാരേയും മനുഷ്യകഥാനുഗായികളേയും നമുക്കു പരിചയമുണ്ട്. ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയ നീൽ ആംസ്ട്രോംഗിനേയും എഡ്വിൻ ആൽഡ്രിനേയും പോലുള്ള ബഹിരാകാശസഞ്ചാരികളും ആധുനിക കാലഘട്ടത്തിന്റെ വക്താക്കളാണ്.

ചരിത്രത്തിന്റെ ഈ പ്രത്യേക കാലയളവുകളിലെല്ലാം ജീവിതത്തിലൂടെ പുണ്യപരിമളം പരത്തിയ സിദ്ധന്മാർ സഭാതലത്തിലും വിടർന്നിട്ടുണ്ട്. സാമൂഹിക ജീവിതത്തിൽ നിന്നൊളിച്ചോടാതെ, അവർ ആ കാലത്തിന്റെ ഉത്തമാംശത്തെ സ്വാംശീകരിക്കുകയും സമൂഹത്തെ മാററത്തിനു വിധേയമാക്കുകയും ചെയ്തു. സമൂഹത്തിന്റെ കാലാവസ്ഥ ഏതുമാകട്ടെ, ക്രൈസ്തവ വിശുദ്ധിയുടെ പുണ്യപുഷ്പം എക്കാലത്തും വിടരുമെന്നുള്ളതിന്റെ സംജീവസാക്ഷ്യമാണ് ആ മഹത്ജീവിതങ്ങൾ. പ്രഭാഷണശാലയിൽനിന്ന് ഒരു ആഗസ്റ്റീനോസും ബസേലിയോസും സംജാതരായി. പ്രഭുത്വത്തിന്റെ മാസ്മരതലത്തിൽനിന്ന് ഫ്രാൻസിലെ

www.malankaralibrary.com

ലൂയിസും, നവോത്ഥാനത്തിന്റെ വീണധ്വനി ശ്രവിച്ചുകൊണ്ടു് തോമസ് മൂറും ഫ്രാൻസിസ് സേവ്യറും കടന്നുവന്നു. ചുരുക്കത്തിൽ ഓരോ കാലഘട്ടത്തിൽനിന്നും അതതിന്റെ തനിമയാന്ന വിശുദ്ധ മാതൃകകൾ നമുക്കു കാണാൻകഴിയും.

നമ്മുടെ ഈ നൂററാണ്ടിലും 'പുണ്യവും പഠിപ്പും' ഒരുപോലെ സമ്മേളിച്ച ഒരു വ്യക്തി ജന്മം എടുത്തിട്ടുണ്ടു്: മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യത്തിൽ പിറന്ന അദ്ദേഹം പ്രഭാഷണകലയിൽ ആഗസ്തീനോസിനേയും ബസ്സേലിയോസിനേയും അതിജീവിച്ചു. ആയിരക്കണക്കിനു് ആളുകളെ നേടി ദൈവരാജ്യം ഭൂമിയിൽ പരത്തിയ ആ മഹാനുഭാവൻ ഫ്രാൻസിലെ ലൂയിസിനെ പോലും പിന്നിലാക്കി. ഭാരതത്തിന്റെ മാനസാന്തരത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ തീവ്രദാഹം ഫ്രാൻസിസ് സേവ്യറിന്റേതിനേക്കാൾ ഒട്ടും കുറഞ്ഞതായിരുന്നില്ല. പതിനൊന്നു വഷക്കാലം പെരുനാടൻ വനാന്തരങ്ങളിൽ സനാതനസത്യത്തെ തേടി അനുദിനം ധ്യാനനിമഗ്നനായി തപോധന്യമായ ജീവിതം നയിച്ച ഒരു സന്യാസിയായിരുന്നു ആ പുണ്യദേഹം. 'ഭാരതന്യൂമാൻ' എന്നു് പ്രസിദ്ധിയാർജ്ജിച്ച അദ്ദേഹമാണു് ഭാരതത്തിലെ പുനരൈക്യപ്രസ്ഥാനത്തിനു ബീജാവാപം ചെയ്ത മാർ ഈവാനിയോസ്. അദ്ദേഹത്തിന്റെ ജന്മശതാബ്ദിയാണു് ഈ കാലയളവിൽ നാം സാഘോഷം കൊണ്ടാടുന്നതു്. ഈ അവസരത്തിൽ ഈ ചെറുഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതിനു് ബഥനി മക്കൾക്കു അതിയായ താല്പര്യമുണ്ടു്. ആ പുണ്യാത്മാവിന്റെ ജീവിതവും ആദ്ധ്യാത്മികതയും ബഥനി മക്കൾക്കും മലങ്കരസഭക്കും മാതൃകയും പ്രചോദനവും ആയിരിക്കട്ടെ.

തിരുവല്ലാ
2–12–82 ഡോ. ലൂയിസ് മൂലവീട്ടിൽ, ഒ. ഐ. സി.

www.malankaralibrary.com

# ബഥനിയുടെ മാർ ഈവാനിയോസ്

ബഥനി സന്യാസ സമൂഹത്തിന്റെ സ്ഥാപകനും പുനരൈക്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവുമായ മാർ ഈവാനിയോസിന്റെ ജനനം കൊണ്ടനുഗ്രഹീതമായ നാടാണ് മദ്ധ്യകേരളത്തിലെ മാവേലിക്കര. അവിടെ പുരാതനവും സുപ്രസിദ്ധവുമായ പണിക്കരു കുടുംബത്തിൽ തോമ്മാപണിക്കരുടേയും അന്നമ്മയുടെയും കടിഞ്ഞൂൽ പുത്രനായി 1882 സെപ്റ്റംബർ 21-ാം തീയതി അദ്ദേഹം ജാതനായി. ഏതാനും ദിവസങ്ങൾക്കുശേഷം അതായതു് ഒക്ടോബർ 4-ാം തീയതി, അടുത്തുള്ള പുതിയകാവ് യാക്കോബായ പള്ളിയിൽവച്ച് പിതൃസഹോദരനായ പണിക്കരുവീട്ടിൽ തര്യത് സ്കറിയപ്പണിക്കർകത്തനാർ ശിശുവിനു് ജ്ഞാനസ്നാനവും വിശുദ്ധ മൂറോനഭിഷേകവും നല്കി. കുട്ടിയ്ക്കു് മാമ്മോദീസായിലിട്ട പേർ ഗീവറുഗീസ് എന്നായിരുന്നു.

## വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസം മാവേലിക്കരയിൽ തന്നെ പൂർത്തിയാക്കിയശേഷം, കോട്ടയത്തു് പഴയ സെമ്മിനരിയിൽ താമസിച്ചുകൊണ്ടു് മാർ ഡയണീഷ്യസ് സ്കൂളിൽ ഗീവറുഗീസ് ഹൈസ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചു. പ്രശംസാർഹമായ ബുദ്ധികൂർമ്മതയും അനുസരണശീലവും കുട്ടി

www.malankaralibrary.com

ക്കാലംമുതലേ അദ്ദേഹത്തിൽ വിളങ്ങിയിരുന്നു. പരസ്നേഹപ്രവൃത്തികളിലും ഗീവറുഗീസ് മുൻപന്തിയിൽതന്നെ നിന്നു. 'പൈതൽ വളൎന്നു, ആത്മാവിൽ ബലപ്പെട്ടു, ജ്ഞാനംകൊണ്ടു നിറഞ്ഞു; ദൈവകൃപയും അവന്റെ മേൽ ഉണ്ടായിരുന്നു' എന്നു് യേശുവിനെപ്പററി വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ളതു് ഗീവറുഗീസിലും നിറവേറികൊണ്ടിരുന്നു. സ്വഭാവത്തിലും പഠനത്തിലും, എല്ലാത്തിലുമുപരി ദൈവസംസൎഗ്ഗത്തിലും ഗീവറുഗീസ് അനുദിനം വളൎന്നുവന്നു.

## എം. എ. ബിരുദം

ഹൈസ്കൂൾ വിദ്യാഭ്യാസം പ്രശസ്തമായ നിലയിൽ പൂൎത്തിയാക്കിയ ഗീവർഗീസിനു് പുലിക്കോട്ടു മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത 1900 ജനുവരി 9-ാം തീയതി പുത്തൻകാവ് പള്ളിയിൽവച്ചു് ശെമ്മാശുപട്ടം നല്കി. തുടൎന്നു പഴയ സെമ്മിനരിയിൽ, താമസിച്ചുകൊണ്ടു് സി. എം. എസ്. കോളേജിൽനിന്നു് എഫ്. എ. പരീക്ഷ പാസായി. അതിനുശേഷം മദ്രാസ് ക്രിസ്ത്യൻ കോളേജിൽനിന്നും ബി. എ., എം. എ. ബിരുദങ്ങൾ സമ്പാദിച്ചു. യാക്കോബായ സമുദായത്തിലെ വൈദികരിൽ ആദ്യമായി എം. എ. ബിരുദം സമ്പാദിച്ചതു് ഗീവർഗീസ് ശെമ്മാശനായിരുന്നു.

## പ്രിൻസിപ്പൽ

പ്രശസ്തമായ നിലയിൽ ബിരുദം സമ്പാദിച്ചു് മടങ്ങിയെത്തിയ ഗീവർഗീസ് ശെമ്മാശനെ 1908 ജ

www.malankaralibrary.com

നവരിയിൽ കോട്ടയത്തെ എം. ഡി. ഹൈസ്കൂളിൽ പ്രിൻസിപ്പലായി നിയമിച്ചു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ശെമ്മാശനെ വൈദികനായി അഭിഷേകം ചെയ്യണമെന്നു് സഭാധികാരികൾ തീരുമാനിക്കുകയും, 1908 ആഗസ്റ്റ് 15-ാംതീയതി പരുമല സെമിനരിയിൽവച്ചു് വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാൻ വൈദികപട്ടം നല്കുകയും ചെയ്തു. ഗീവർഗീസ് ശെമ്മാശനായിരിക്കുമ്പോഴും വൈദികനായ ശേഷവും പ്രോട്ടസ്റ്റൻറ് വിശ്വാസത്തിലേക്കു് സഭാംഗങ്ങൾ വഴുതിപ്പോകാതിരിപ്പനായി മലങ്കരയിലുള്ള പല ഇടവകകളിലും ചുററിസഞ്ചരിച്ചു് പ്രസംഗയോഗങ്ങൾ നടത്തി ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചുപോന്നു. വൈദികനായതിനുശേഷം ഗീവർഗീസ് അറിയപ്പെട്ടിരുന്നതു് 'എം. എ. അച്ചൻ' എന്ന പേരിലാണു്. അദ്ദേഹത്തിന്റെ ഉയന്ന ചിന്തയും ആഴമുള്ള ആദ്ധ്യാത്മികതയും സ്വമെത്രാനേയും വിശ്വാസികളേയും ഒരുപോലെ ആകഷിച്ചു.

പ്രിൻസിപ്പലായി ഔദ്യോഗിക ജീവിതം ആരംഭിച്ച എം. എ. അച്ചൻ സ്വസമുദായത്തിൻെറ അഭ്യുന്നതിക്കുവേണ്ടി വട്ടശ്ശേരിൽ തിരുമേനിയുടെ വലം കൈയ്യായി പ്രവത്തിച്ചുപോന്നു. 1911-ൽ അബ്ദുള്ള പാത്രിയക്കീസ് മുടക്കുകയും സമുദായത്തിൽ വലിയ വിപ്ലവവും കലഹവും ഉണ്ടാക്കുകയും ചെയ്തപ്പോൾ എം. എ. അച്ചനാണു് മെത്രാപ്പോലീത്തായ്ക്കു് താങ്ങും തണലുമായി ധീരതയോടെ പ്രവത്തിച്ചിട്ടുള്ളതു്. ഇത്ര ഭയങ്കരമായ വിപത്തിൽനിന്നും സമുദായത്തെ രക്ഷിക്കുന്നതിനു് അദ്ദേഹം കണ്ടുപിടിച്ച മാ

www.malankaralibrary.com

ഗ്ഗ്യമായിരുന്നു മലങ്കരയിൽ കാതോലിക്കാസിംഹാസന സ്ഥാപനം. അതു മുഖേന ഓർത്തഡോക്സ് സഭ കേരളത്തിൽഉറച്ചു.

## പ്രഫസർ

ഹൈസ്കൂൾ പ്രിൻസിപ്പലായി ജോലി നോക്കുമ്പോഴാണ് എം. എ. അച്ചന് സെറാമ്പൂർ യൂണിവേഴ്സിററിയിൽ പ്രഫസറായി ക്ഷണമുണ്ടായതു്. സെറാമ്പൂരിലേക്കു പോകുന്നതിനു് മാർ ഡയനീഷ്യസിൻെറ അനുവാദം കിട്ടിയപ്പോൾ, പ്രിൻസിപ്പൽസ്ഥാനം രാജിവച്ചു് അവിടേക്കു പോയി. അദ്ദേഹത്തിൻെറ സ്വഭാവ വൈശിഷ്ട്യവും പ്രസംഗചാതുരിയും അദ്ധ്യാപന സാമത്ഥ്യവും പ്രവത്തന വൈദഗ്ദ്ധ്യവും വിദ്യാത്ഥികളുടേയും അദ്ധ്യാപകരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു കാരണമായി.

## ആശ്രമ സ്ഥാപകൻ

യാക്കോബായ സഭയുടെ ആദ്ധ്യാത്മീക നവോത്ഥാനത്തിനു് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെപ്പററി കഥാപൂരുഷൻ ആ കാലമെല്ലാം ചിന്തിച്ചുകൊണ്ടേയിരുന്നു. സ്വസമുദായത്തിൻേറയും അംഗങ്ങളുടേയും ഉന്നതിയ്ക്കുവേണ്ടി ചെയ്യേണ്ടതിനെപ്പററി ദൈവതിരുമനസ്സ് എന്താണെന്നു് അറിയുന്നതിനു് അദ്ദേഹം നിരന്തരമായി പ്രാത്ഥിച്ചു. തന്നോടൊപ്പം കോട്ടയത്തുനിന്നും വന്ന വൈദികർ, ശെമ്മാശന്മാർ, അൽമായ യുവാക്കൾ, എന്നിവരുമായി മേൽപ്പറഞ്ഞ വിഷയത്തെപ്പററി അദ്ദേഹം ദീഘസംഭാഷണങ്ങൾ നടത്തുക പതിവായിരുന്നു. അങ്ങനെ പ്രാത്ഥനയുടേയും ചിന്തയുടേയും

www.malankaralibrary.com

ഫലമായി അദ്ദേഹത്തിൽ ഉളവായ പ്രഥമ ആശയം ഒരു മിഷനറി സമൂഹം സ്ഥാപിക്കുകയെന്നതായിരുന്നു. അതു വഴി സ്വജനങ്ങൾക്കും സമുദായത്തിനും ധാരാളം നന്മകൾ കൈവരിക്കുവാൻ സാധിക്കുമെന്നു കരുതി. എന്നാൽ പ്രസ്തുത ആശയത്തിന്റെ നാനാവശങ്ങളെക്കുറിച്ചു് തുടർന്നു് ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി ഒരു സന്യാസി സമൂഹമാണു് ആവശ്യമെന്ന ആശയത്തിലേക്കു് എം. എം. അച്ചൻ എത്തിച്ചേർന്നു. പ്രസ്തുത ആശയത്തിലേക്കു് തന്നെ നയിച്ച ദൈവീക പ്രചോദനത്തെപ്പററി 'ഗിരിദീപ'ത്തിൽ വിവരിക്കുന്നതു് ശ്രദ്ധേയമാണു്.

'മിഷനറി സമൂഹംകൊണ്ടു് പരിപൂർണ്ണമായ ആശ്രേഷ്ഠ മാർഗ്ഗമുണ്ടോ എന്നു പര്യാലോചിക്കുകയാൽ അവിടേയും മതിയായ ഉറപ്പുകിട്ടാതെ നമ്മുടെ മനസ്സു പിന്നേയും ഉഴറുവാൻ തുടങ്ങി. ഇക്കാര്യത്തിൽ നമ്മെത്തന്നെ മുഴുവനായി നാം ദൈവത്തിനു സമർപ്പിച്ചിരിക്കെയാൽ അവിടുന്നു ഏതൊരു തരത്തിലാണു അവിടുത്തെ ഇംഗിതം വെളിപ്പെടുത്തുക എന്നു നോക്കിയിരിക്കുകയേ നമുക്കാവശ്യമുണ്ടായിരുന്നുള്ളു. പ്രാർത്ഥനയിലും ധ്യാനത്തിലും സർവ്വപ്രധാനമായി വിശുദ്ധ കുർബാനയിലും നാം ഈ വിഷയത്തിനു പ്രാമുഖ്യം നല്കി. ദൈവഹിതം എന്തുതന്നെയായിരുന്നാലും അതിനായി സ്വരാജ്യത്തെയോ സ്വജനങ്ങളേയോ ഉപേക്ഷിക്കേണ്ടി വന്നാൽപോലും അവയ്ക്കൊക്കെ സന്നദ്ധനായി, സുവിശേഷപ്രചരണാർത്ഥം വരാവുന്ന ക്ലേശങ്ങളെല്ലാം അവഗണിച്ചു ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു ജീവിപ്പാൻ നമ്മേയും ശിഷ്യന്മാരേയും പ്രാപ്തരാക്കേണമേ എന്നായിരുന്നു നാം അപേക്ഷിച്ചുവന്നതു്.

www.malankaralibrary.com

ഈ നിലയിൽ പിന്നേയും മാസങ്ങൾ കുറെ കഴിഞ്ഞുപോയി. ദൈവത്തിന്റെ തിരുമുമ്പിൽ കളിമണ്ണിനെയെന്നപോലെ കുഴച്ചുവയ്ക്കപ്പെട്ടിരുന്ന നമ്മുടെ ഹൃദയത്തിന്നു ആദർശമാകുന്ന ആകൃതിയും ആശയമാകുന്ന ഭംഗിയും ക്രമേണ ഉണ്ടായിവരുന്നില്ലയോ എന്നു നമുക്കു തോന്നിത്തുടങ്ങി. ......ദൈവസേവനത്തേക്കാൾ ആത്യുത്തമമല്ലയോ ദൈവസമ്പാദനമെന്നു നമുക്കു തോന്നി. ...ദൈവസമ്പാദനത്തേക്കാൾ മഹത്തരമായ മറ്റൊന്നും ചിതലുകളുടെ സങ്കേതമാകുന്ന ഈ ലോകത്തിൽനിന്നു ലഭിക്കുവാൻ ഇടയുള്ളതല്ലെന്നും ക്രിസ്തീയ ജീവിതത്തിൽ വിശ്രമമെന്യെ പ്രയാണംചെയ്യുന്ന വക്കു് ഗ്രഹിക്കാവുന്നതാണു്. വിശ്വാസത്തിൽ മനുഷ്യൻ ദൈവവുമായി ബന്ധപ്പെടണം. ദൈവികമായ ശരണത്തിൽ മാത്രമേ അവൻ അവലംബിക്കപ്പെട്ടവാനും പാടുള്ളു. ദൈവസ്നേഹമല്ലാതെ മറെറാരു ചൈതന്യവുമവനുണ്ടായിരുന്നുകൂടാ. ഈ മനസ്ഥിതിയിലെത്തുന്നവന്റെ മാർഗ്ഗദർശി ത്യാഗമായിരിക്കും. ത്യാഗംകൊണ്ടല്ലാതെ അനന്യസാധാരണമായ ദൈവസാമീപ്യം ലഭിക്കാവതല്ല. ദൈവവുമായി വളരെയടുത്തു നില്ക്കണമെന്നുള്ളവൻ സകലത്തിലും യേശുമിശിഹായെതന്നെ അനുകരിച്ചേ മതിയാകയുള്ളു. ഗോഗുൽത്താമലമേൽ കാണപ്പെടുന്ന സ്വയപരിത്യാഗത്തിന്റെ അത്ഭുതസ്ഫടികമായ മാതൃക അവന്റെ ഉള്ളിൽ പ്രതിഫലിക്കപ്പെടണം. സ്വകുടുംബത്തെയെന്നല്ലാ സ്വരാജ്യത്തെയെന്നല്ല ലോകത്തെത്തന്നെ അവൻ ഉപേക്ഷിക്കണം. അവനെപ്പോലും പരിത്യജിക്കണം......സന്യാസപദം പ്രാപിക്കുന്ന ഒരാളാൽ ഇവയൊക്കെ സാധിക്കാവുന്നതാണു്. പരിത്യാഗ

www.malankaralibrary.com

ത്തെ അതിൻെറ അക്ഷരകപ്രാരവും അഭ്യന്തരമായും ബാഹ്യമായും നിവൎത്തിക്കുവാൻ അയാൾക്കു മാത്രമേ കഴിവുണ്ടാകയുള്ളു. ഒരു സന്യാസിക്കു് ധനം, ബഹുമതി, പൊതുജനസമ്മതം എന്നീപദങ്ങൾ അപമാനം, ദാരിദ്ര്യം, ദുഷ്കീൎത്തി എന്നിവയുടെ പര്യായങ്ങൾ മാത്രമത്രെ. ലോകദൃഷ്ടിയിൽ ബുദ്ധിഹീനനും ഭ്രാന്തനുമായിത്തീരുമ്പോൾ ഒരു സന്യാസി പരമാനന്ദം അനുഭവിക്കുന്നു......മരിക്കുവാനും ജീവിക്കുവാനും സന്നദ്ധരായവൎക്കു ത്യാഗവും ദാരിദ്ര്യവും കണ്ഠാഭരണങ്ങളത്രെ. സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള സന്യാസികളടങ്ങിയ ഒരു സമൂഹം തന്നെയാണു വേണ്ടതെന്നും, ദൈവതിരുവിഷ്ടം അതാണെന്നും, അതിനാൽ അതാണു് ജീവിതാദൎശമായിരിക്കേണ്ടതെന്നും, അതിനായിട്ടുവേണം ശിഷ്ടായുസ്സിനെ വിനിയോഗിപ്പാനെന്നും നാം ദൈവകൃപയെ അവലംബിച്ചുകൊണ്ടു നിശ്ചയിച്ചു.'

തൻെറ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളായിരുന്നു പിന്നീടു് അദ്ദേഹം നടത്തിക്കൊണ്ടിരുന്നതു്. ഒരു ആശ്രമസ്ഥാപനത്തിനു് അവശ്യം വേണ്ടതായ പരിചയവും പരിജ്ഞാനവും സമ്പാദിക്കുകയെന്നുള്ളതായി അടുത്തപടി. അതിനായി വടക്കേ ഇന്ത്യയിലുള്ള പല സന്യാസാശ്രമങ്ങൾ സന്ദൎശിക്കുകയും അതോടൊപ്പം സന്യാസജീവിതത്തേയും നിയമങ്ങളേയും കുറിച്ചു പ്രതിപാദിക്കുന്ന നിരവധി പുസ്തകങ്ങൾ വാങ്ങി പഠനം നടത്തുകയും ചെയ്തു. മഹാകവി രവീന്ദ്രനാഥടാഗോറിൻെറ 'ശാന്തിനികേത'നവും മഹാത്മാഗാന്ധിയുടെ 'സബൎമതി'യും കഥാപ്ര

www.malankaralibrary.com

രുഷൻെറ സന്ദർശനസ്ഥലങ്ങളിൽ ഉൾപ്പെട്ടന്നു. ആശ്രമം സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള സകലകാര്യങ്ങളും പൂർത്തിയായപ്പോൾ എം. എ. അച്ചൻ യൂണിവേഴ്സിററി പ്രൊഫസർ സ്ഥാനത്തിൽനിന്നും വിരമിച്ച് പെരുനാട് വനത്തിൽ തൻെറ അനുയായികളോടൊപ്പം 1919 ആഗസ്റ്റ്മാസം 15-ാം തീയതി ആശ്രമജീവിതം ആരംഭിച്ചു. ഏതാനും മാസത്തെ കർശനമായ സന്യാസപരിശീലനത്തിനു ശേഷം 1920 പെന്തിക്കസ്തി ദിവസം വിശുദ്ധ കർബാനസമയത്ത് ത്രോണോസിൻെറ മുമ്പിൽ മുട്ടുകുത്തി ഗീവറുഗീസ് കശ്ശീശാ സന്യാസപ്രതിജ്ഞ നടത്തി. ആർഷഭാരത സംസ്കാരത്തിൻെറ അന്തസത്ത ഉൾക്കൊണ്ട് വേഷം, ആഹാരം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയിലെല്ലാം തനി ഭാരതീയരീതി സ്വീകരിച്ചുകൊണ്ടുള്ള ഒരു സന്യാസിജീവിതത്തിനാണ് അദ്ദേഹം രൂപം കൊടുത്തതു്.

## 'ബഥനി'

പുതുതായി രൂപംകൊണ്ട ആശ്രമത്തിനു ദൈവത്തോടുള്ള ബന്ധത്തെ അനുസ്മരിപ്പിക്കുന്നതും അതിൻെറ ആദർശങ്ങളെ പ്രദ്യോതിപ്പിക്കുന്നതുമായ ഒരു പേരു നല്കണമെന്നു ചിന്തിച്ചുകൊണ്ട് ആബോ ഗീവറുഗീസ് വേദപുസ്തകമെടുത്തു തുറന്നുനോക്കിയപ്പോൾ ആദ്യമായി കണ്ടതു് 'ബഥനി' എന്ന പദമായിരുന്നു. ദൈവേഷ്ടമനുസരിച്ചു ആശ്രമത്തിനുപററിയ നാമം അതുതന്നെ എന്നു നിശ്ചയിച്ചു. ബഥനിയിലെ വിശുദ്ധരായ മാർത്താ, മറിയം, ലാസർ എന്നിവരെ ആശ്രമജീവിതത്തിൻെറ അന്തസത്ത പ്രകാശിപ്പിക്കുന്ന

www.malankaralibrary.com

പ്രതീകങ്ങളുമായി സ്വീകരിക്കുവാൻ ഏററം അനുയോജ്യമാ ണെന്ന് ആദ്ദേഹത്തിനു ബോദ്ധ്യമായി. മ്ശിഹായെ സക ലത്തിലും അനുകരിക്കുകയും അനുസരിക്കുകയും ചെയ്യുകയാ ണ് ആശ്രമസ്ഥരുടെ കടമയെന്നു തെളിയിക്കുമാറു, ആശ്രമാ ഗങ്ങളടങ്ങിയ സമൂഹത്തിനു 'മ്ശിഹാനുകരണ സമൂഹം (Imitation of Christ) എന്നും പേരിട്ടു.

## വേഷം, ജീവിതരീതി

ഭാരതീയ സന്യാസികളെ അനുകരിച്ചു കാ വിനിറത്തിലുള്ള വേഷമാണു ആശ്രമസ്ഥാപകൻ സ്വീക രിച്ചതു്. ഇതു സംബന്ധിച്ചു വട്ടശ്ശേരിൽ മാർ ദിവന്നാസി യോസിനു് അദ്ദേഹം അയച്ച എഴുത്തിലെ പ്രസക്തഭാഗം ഇവിടെ ചേർക്കുന്നു: '... പുറജാതികളുടെ ഇടയ്ക്കു ദൈവവേ ലയ്ക്കു പുറപ്പെടുന്നതിനു ദയറായക്കാരായി തീരണമെന്നും അ തിനുവേണ്ട വേലകളും ഒരുക്കവുമാണു ബഥനിയിൽ നടക്കേ ണ്ടതെന്നും ആഗ്രഹിക്കുന്ന എനിക്കും ഒട്ടേക്കൽ ശെമ്മാശനും അതിനു തക്ക ഏതെങ്കിലും വേഷവുംകൂടി കല്പിച്ചുതന്നാൽ കൊള്ളാമെന്നു് അപേക്ഷയുണ്ടു്. ബഥനിയിൽ സ്ഥിരജോ ലിയ്ക്കായി തിരുമനസ്സുകൊണ്ടു് ഒരാളെ കല്പിച്ചു നിയമിക്കുന്ന സമയം മുതൽക്കുതന്നെ അതിനു തക്കതായ ഒരു വേഷവുംകൂ ടി കല്പിച്ചു കൊടുക്കുന്നതുകൊണ്ടു പല ഗുണവും ഉണ്ടാകാനു ണ്ടു്. ഇന്ന കാര്യത്തിനായി വേർതിരിക്കപ്പെട്ടവരാണെന്ന ബോധം ഞങ്ങളിലും ഞങ്ങളെപ്പററി മററുള്ളവരിലും നില നില്ക്കുന്നതിനു പ്രത്യേകമായ ഒരു വേഷം നല്ലതാണു്. ഇൻ ഡ്യയിൽ എല്ലാ ഭാഗത്തും ചേരുന്ന വേഷമായിരിക്കണം.

www.malankaralibrary.com

ഈ നാടിനു് ചേരുന്നതായിരിക്കണം. പരദേശികളുടേതെന്നു ആരും കുററം പറയാതിരിക്കണം. എത്രയും ചിലവു കുറഞ്ഞതായിരിക്കണം. രണ്ടു കുപ്പായങ്ങൾ നിങ്ങൾക്കുണ്ടായിരിക്കരുതെന്നു് ശ്ലീഹന്മാക്കു് കത്താവു കൊടുത്ത കല്പന അനുസരിച്ചുകൊണ്ടു് ഇൻഡ്യയിൽ എവിടേയും ദൈവവേലയ്ക്കായി പോകുവാൻ തയ്യാറായിരിക്കണം. ദൈവവേലക്കാരുടെ വേഷമാണെന്നു ഹിന്ദുക്കൾ, ബുദ്ധമതക്കാർ, മുഹമ്മദീയർ മുതലായ എവരും മുൻവിധിക്കുടാതെ വകവെയ്ക്കുന്നതായിരിക്കണം. ഇപ്പോൾ ഇൻഡ്യയിലെ ക്രിസ്തീയ വകുപ്പുകളിൽ ആക്കും ഇല്ലാത്തതായിരിക്കണം. വേഷം കാണുമ്പോൾതന്നെ ഇതരന്മാക്കു വെറുപ്പു തോന്നാതെ അവർ നമ്മുടെ വചനം കേൾക്കുന്നതിനായി അടുത്തു വരത്തക്കതായിരിക്കണം. ഈ നിലയിൽ ഒരു വേഷമായിരുന്നാൽ കൊള്ളാം. വളരെ നാളായി ഞങ്ങൾ അന്വേഷിക്കുകയും ആലോചിക്കുകയും ചെയ്യുന്നതിൽ ഒരു വേഷം നല്ലതായി തോന്നുന്നുണ്ടു്. നമ്മുടെ അച്ചന്മാർ ഉപയോഗിക്കുന്ന കറുത്ത കുപ്പായത്തിന്റെ വെട്ടുപോലെ വെട്ടി വെള്ളത്തുണികൊണ്ടു തയ്ച്ചതും കാവി മുക്കിയതുമായ കുപ്പായവും ആ നിറത്തിൽ തന്നെയുള്ള ഇടക്കെട്ടുമാണു്. ധൃതിയോ നിർബന്ധമോ ഒട്ടും ഇല്ല. ഇൻഡ്യയുടെ ആകെയുള്ള സ്ഥിതി ആലോചിച്ചിട്ടു് ഇതു നല്ലതാണെന്നു തിരുമനസ്സിലേക്കു അടുത്ത അഞ്ചാറു മാസത്തിനകം തോന്നുന്നപക്ഷം മതി.' ഭാരതസംസ്കാരത്തിനു അനുയോജ്യമായ കാവിവസ്ത്രം ഹൈന്ദവരുടെയിടയിൽ മിഷ്യൻ പ്രവൎത്തനം നടത്തുന്നതിനു് കൂടുതൽ സഹായകരമാകുമെന്ന ചിന്തയാണു് അദ്ദേഹത്തെ ഇതിനു പ്രേരിപ്പിച്ചതെന്നു് എടുത്തു പറയേണ്ട കാര്യമില്ലല്ലോ.

www.malankaralibrary.com

ബഥനിയിലെ ജീവിതം വളരെ ലളിതവും സന്യാസാനുഷ്ഠാനങ്ങളിലധിഷ്ഠിതവുമായിരുന്നു. കൃത്യസമയങ്ങളിലുള്ള പ്രാർത്ഥന, ധ്യാനം, വി. കുർബാന, ആത്മശോധന, ജോലി, മൗനാനുഷ്ഠാനം തുടങ്ങിയവയെല്ലാം അദ്ദേഹവും അനുയായികളും വിശ്വസ്തതയോടെ പാലിച്ചിരുന്നു. ഇൻഡ്യൻ സന്യാസികളെ അനുകരിച്ചു് ഭക്ഷണം സസ്യാദികൾ മാത്രമായിരുന്നു. വിശുദ്ധ ബസ്സേലിയോസിൻെറ സന്യാസ നിയമങ്ങളെ ആധാരമാക്കിയും ഇൻഡ്യൻ സന്യാസാചാരങ്ങളുടെ ചുവടുപിടിച്ചുമാണു് ആബോ ബഥനി സന്യാസ നിയമങ്ങൾക്കു രൂപം കൊടുത്തതു്. ഫാദർ. പി. റ്റി. ഗീവറുഗീസും കൂട്ടരും പതിനൊന്നു വഷം പെരുനാട്ടു് ബഥനിയിലും തിരുമൂലപുരം ബഥനിയിലുമായി സന്യാസ ശിക്ഷാ ക്രമമനുസരിച്ചു് ജീവിച്ചു.

## ബഥനിമെത്രാൻ

1925 ജനുവരി 28-ാം തീയതി തിരുമൂലപുരം യാക്കോബായ പള്ളിയിൽ വച്ചു് ആബോ ഗീവറുഗീസ് നിരണം ഭദ്രാസനത്തിലെ മെത്രാനായ മാർ ഗ്രീഗോറിയോസിൻെറ മുമ്പാകെ മഹൽവ്രതം (Solemn Vows) ചെയ്തു് റമ്പാൻ സ്ഥാനം സ്വീകരിച്ചു. തുടന്നു 1925 മേയ് ഒന്നാം തീയതി നിരണം പള്ളിയിൽവച്ചു് അദ്ദേഹം മെത്രാനായി അഭിഷിക്തനായി. മാർ ഈവാനിയോസ് എന്നായിരുന്നു അദ്ദേഹം സ്വീകരിച്ച നാമം. മെത്രാൻ സ്ഥാനം അദ്ദേഹത്തിൻെറ സന്യാസജീവിതത്തിനു ഒരുവിധത്തിലും തടസമായിരുന്നില്ല.

www.malankaralibrary.com

തന്നെ അനുമോദിക്കുന്നതിനായി, മെത്രാഭി ഷേകാനന്തരം കൂടിയ യോഗത്തിൽ മാർ ഈവാനിയോസ് ചെയ്ത പ്രസംഗത്തിൽനിന്നും മേൽപ്പറഞ്ഞ കാര്യം വ്യക്തമാണ്:"...എനിക്ക് എട്ടോ, പത്തോ വയസ്സു പ്രായമുള്ള കാലത്തു സന്യാസനിഷ്ഠയോടുകൂടി ജീവിതം നയിക്കണമെന്നുള്ള ആഗ്രഹം എന്റെ മനസ്സിൽ ഉത്ഭവിച്ചതാണ്". അന്നുമുതൽ പല അവസ്ഥാഭേദങ്ങളിൽക്കൂടെ കടന്നു പരിശുദ്ധാത്മാവിന്റെ കൃപയാൽ ഈ സ്ഥാനത്തെത്തുവാൻ സംഗതിയായി. എന്റെ ജീവിതാദർശമായി ഹൃദയത്തിന്റെ ആഴത്തിൽ അന്തർലീനമായി കടന്നിട്ടുള്ള പ്രധാന കാര്യം സന്യാസജീവിതത്തിൽകൂടി പുണ്യപൂർണ്ണത സമ്പാദിപ്പാൻ ശ്രമിക്കണമെന്നുള്ളതായിരുന്നു. സമുദായസംബന്ധമായി ഒട്ടുത്തകാലത്തുണ്ടായ വിപ്ലവങ്ങളും കുഴപ്പങ്ങളും സംബന്ധിച്ച് ഏറെക്കുറെ പ്രവർത്തിച്ചുകൊണ്ടിരുന്ന കാലങ്ങളിൽ മേൽപ്പറഞ്ഞ സന്യാസാദർശം എന്റെ അന്തരംഗത്തിൽ സുപ്രതിഷ്ഠതമായി എന്നെ അതിലേക്കു ആകർഷിച്ചുകൊണ്ടിരുന്നു. ഈ ആഗ്രഹത്തെ വികസിപ്പിക്കുന്നതിനും പ്രായോഗികമാക്കി ചെയ്യുന്നതിനും വേണ്ട അവസരം ലഭിച്ചതു കോട്ടയം എം. ഡി. സെമ്മിനരി വിട്ട് സെറാംപൂരിൽ പോയി താമസിക്കുന്നതിനിടയായപ്പോൾ ആയിരുന്നു. അവിടെവെച്ച് എന്റെ ശിഷ്യന്മാരും സ്നേഹിതന്മാരുമായ ചില യുവാക്കൾ എന്നെപ്പോലെ സന്യാസജീവിതത്തിനായി വിളിക്കപ്പെട്ടുന്നുണ്ടെന്ന് എനിയ്ക്കു ബോദ്ധ്യംവരുകയും ഞങ്ങളെല്ലാവരും ചേർന്നുള്ള ഒരു ആശ്രമം ഉണ്ടാകുന്നതു ഞങ്ങളുടെ ആത്മീകാഭിവൃദ്ധിക്കും ഞങ്ങളെക്കൊണ്ട് മററുള്ളവർക്കു പ്രയോജനം വരുന്നതിനും ഉചി

തമായ് മാർഗ്ഗമായിരിക്കുമെന്നു എനിക്കു ബോദ്ധ്യപ്പെടുകയും ചെയ്തു. ഇങ്ങനെയാണു് ബഥനി ആശ്രമം സ്ഥാപിക്കുവാൻ ഞങ്ങൾ ഉദ്യമിക്കുന്നതിനു് സംഗതിയായതു്......

ബഥനിയുടെ എപ്പിസ്കോപ്പാ രാജർഷിതുല്യമുള്ള ദേഹമല്ല. പൂർവ്വകാലത്തു ക്രിസ്തീയസഭയിൽ വനാന്തരങ്ങളിൽ താമസിച്ചുകൊണ്ടു് ദാരിദ്ര്യം ധനമായി അവലംബിച്ചിരുന്ന സന്യാസിശ്രേഷ്ഠന്മാരായ പിതാക്കന്മാരുടെ പിന്നടിയിൽ നടപ്പാൻ ആഗ്രഹിക്കുന്ന ഒരാളാണു് ബഥനി മെത്രാൻ. ഈ ഹൈന്ദവഭൂമിയിൽ രാജർഷിമാരെക്കൂടാതെ വാനപ്രസ്ഥന്മാരായ മഹർഷിമാരും ഉണ്ടായിരുന്നല്ലോ. പൂർവ്വികസഭയിൽ വനാന്തരങ്ങളിൽ ആശ്രമവാസം ചെയ്തിട്ടുള്ള സന്യാസിമാരും, അങ്ങനെയുള്ള സന്യാസാശ്രമങ്ങളിലെ അദ്ധ്യക്ഷന്മാരായിരുന്ന മേല്പട്ടക്കാരും ഏകദേശം ഈ വിധമുള്ള ജീവിതാദർശം സ്വീകരിച്ചവരായിരുന്നുവെന്നുള്ള സത്യം ഇവിടെ പ്രസ്താവിക്കുന്നതു് അനുയോജ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു......

'ബഥനിമെത്രാനു സമുചിതമായ വാസസ്ഥലം ബഥന്യാശ്രമത്തിലെ 'കുടിൽ' ആകുന്നു. കാതോലിക്കാ ബാവായുടെ അംശവടിയും സ്ലീബായും രത്നഖചിതങ്ങളായിരുന്നാൽ യാതൊരു ദോഷവുമില്ല. എന്നാൽ ഇവിടെ പ്രസംഗിച്ചവരായ മാന്യന്മാർ പ്രസ്താവിച്ചപ്രകാരം ബഥനിമെത്രാനു് മരംകൊണ്ടുള്ള അംശവടിയും മരക്കുരിശും സ്ലീബായും അനുയോജ്യമാണു്. ബഥനിആശ്രമത്തിൽ ഭക്ഷണം കഴിക്കുന്നതിനു് ഞങ്ങൾ ഉപയോഗിക്കുന്ന മൺചട്ടി

www.malankaralibrary.com

മാറേറണ്ട ആവശ്യം ബഥനിമെത്രാനില്ല........., മേൽ പ്രസ്താവിച്ചവയിൽനിന്നും മാർ ഈവാനിയോസിന്ന് സന്യാസജീവിതത്തോടുള്ള ആഭിമുഖ്യം വ്യക്തമാണ്. തൻെറ മെത്രാൻപദവിയും സന്യാസലക്ഷ്യപ്രാപ്തിക്കുള്ള ഉപാധിയും ഉത്തേജനവുമായി മാത്രമേ അദ്ദേഹം കരുതിയുള്ളു.

## സന്യാസിനിസമൂഹം

എം. എ. അച്ചൻ സെറാമ്പൂരിൽ പ്രഫസറായിരിക്കുമ്പോൾ ഓക്സ്ഫോർഡ് മിഷ്യൻ സിസ്റ്റേഴ്സിൻെറ സ്ഥാപകയായ മദർ ഈഡിത്തിനെ പരിചയപ്പെട്ടു. സമപ്പ്ണജീവിതം നയിക്കുവാനാഗ്രഹിച്ച ഏതാനും കേരളീയ വനിതകൾക്കു മദറിൻെറ മേൽനോട്ടത്തിൽ ബാരിസോളിൽവച്ച് (കൽക്കട്ട) സന്യാസപരിശീലനം നൽകി. പ്രസ്തുത സഹോദരികൾ, മേൽനോട്ടം വഹിച്ചിരുന്ന മദർ ഈഡിത്ത്, സിസ്റ്റർ ഹെലൻ എന്നിവരൊന്നിച്ച്, തിരുമലപുരത്തു വന്ന് ബാലികാമഠം ഹൈസ്ക്കൂളിലെ വിദ്യാത്ഥിനികൾക്ക് ആവശ്യമായ ആദ്ധ്യാത്മികസഹായം നൽകി വന്നു. ആബോ ഗീവറുഗീസ് ബഥനിയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട് അധികനാൾ കഴിയുന്നതിനുമുമ്പ് അതായത് 1925 സെപ്ററംബർ 8-ാം തീയതി, മുകളിൽ പറഞ്ഞ സഹോദരികളിൽ മൂന്നുപേർ ശൈനൊ, ഷുബാ, ദനഹാ എന്ന സന്യാസനാമങ്ങൾ സ്വീകരിച്ച് അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ വ്രതത്രയങ്ങളിൽ തങ്ങളെതന്നെ സ്വയം ദൈവത്തിനായി സമപ്പിച്ച് സന്യാസം കൈവരിച്ചു. അങ്ങനെ പ്രാത്ഥനയുടേയും തപ

www.malankaralibrary.com

ഘോര്യയുടേയും പരിണിതഫലമായി ക്രിസ്തുാനുകരണസന്യാസിനി സമൂഹം ജന്മം എടുത്തു. ആതുരശുശ്രൂഷ, ഭവനസന്ദർശനം, ഭാരതജനതയ്ക്കു് ആത്മീയ നേതൃത്വം നൽകുക, മലങ്കരസഭയുടെ നവോദ്ധാനം സാധിക്കുക, തുടങ്ങിയ ആശയങ്ങളായിരുന്നു സമൂഹസ്ഥാപനത്തിനു് മാർ ഈവാനിയോസിനെ പ്രേരിപ്പിച്ചതു്.

## തൃതീയാശ്രമം

മലങ്കരസഭയുടെ, വിശിഷ്യാ വ്യക്തികളുടേയും കുടുംബങ്ങളുടെയും, ആത്മീയപ്രബുദ്ധതയ്ക്കായി മാർ ഈവാനിയോസും ബഥനി സമൂഹാംഗങ്ങളും സദാ പരിശ്രമിച്ചുകൊണ്ടിരുന്നു. ഗൃഹസ്ഥാശ്രമികൾക്കു ക്രിസ്തീയ ജീവിതം അന്വർത്ഥമായി നയിക്കുവാൻ സഹായകമായിരിക്കത്തക്കവണ്ണം ഒരു തൃതീയാശ്രമപദം മാർ ഈവാനിയോസു് വിഭാവനം ചെയ്തിരുന്നു. അതിന്റെ ലക്ഷ്യം, സ്വഭാവം തുടങ്ങിയവയെപ്പററി അദ്ദേഹം പറയുന്നതിപ്രകാരമാണു്:

'യഥാർത്ഥമായ ദൈവഭക്തിയിൽ കുടുംബജീവിതം നയിക്കണമെന്നു ആഗ്രഹിക്കുന്ന ഏവർക്കും തൃതീയാശ്രമപദത്തിലെ അംഗങ്ങളായിത്തീരാവുന്നതാണു്. അവർ സന്യാസനിഷ്ഠകൾ പാലിക്കേണ്ട ആവശ്യമില്ല. പരിശുദ്ധമായ കുടുംബജീവിതം നയിക്കണമെന്നേയുള്ളു. അവർ സ്വന്തദേശമോ വീട്ടുസ്വത്തുക്കളോ ഉപേക്ഷിക്കേണ്ട ആവശ്യമില്ല.........അവരവരുടെ സ്വന്തദേശത്തും കുടുംബത്തിലും ദാമ്പത്യജീവിതത്തിൽ താമസിച്ചു് ശ്രേഷ്ഠമ് ശിഹായോ

www.malankaralibrary.com

മുള്ള നിഷ്കളങ്ക സ്നേഹത്തെ തങ്ങളുടെ ജീവിതത്തിൽ പൂർണ്ണമാക്കി ചെയ്യാൻ തക്കവണ്ണം കാതോലിക്ക സഭാതത്വങ്ങൾക്കനുസരണമായി പരിശുദ്ധമായ കുടുംബജീവിതം നയിക്കണമെന്നുള്ള ചുമതലയാണു തുതിയാശ്രമപാഠാംഗങ്ങൾക്കുള്ളത്.' ഗാർഹിക ജീവിതക്കാരുടെ ആദ്ധ്യാത്മീകോന്നമനത്തെ ലക്ഷ്യമാക്കിക്കൊണ്ടു് മാർ ഈവാനിയോസ് തിരുമേനിയും ശിഷ്യന്മാരും ഇടവകകൾതോറും സഞ്ചരിച്ചു് ജനങ്ങളെ പഠിപ്പിക്കുകയും ആരാധനാ ജീവിതം, കൂദാശ സ്വീകരണം തുടങ്ങിയവയിൽ അവരെ ഉദ്ബുദ്ധരാക്കുകയും, ഏതു സാഹചര്യത്തിലും യഥാർത്ഥ ക്രിസ്തീയജീവിതം പ്രായോഗികമാക്കുവാൻ അവരെ നിശ്ചയദാർഢ്യമുള്ളവരാക്കുകയും ചെയ്തിരുന്നു.

## മെത്രാപ്പോലീത്ത

1929 ഫെബ്രുവരി 15-ാം തീയതി മാർ ഈവാനിയോസിനെ ബഥനിയുടെ മെത്രാപ്പോലീത്തായും ഫാ. യാക്കോബ് ഒ. ഐ. സി.യെ ബഥനി മെത്രാനായും വാഴിച്ചു. തുടർന്നു പല സ്ഥലങ്ങളിലും ബഥനി പള്ളികൾ ആരംഭിക്കുകയും ജനങ്ങളുടെയിടയിൽ ആത്മീയനവോദ്ധാനം ഒരു പരിധിവരെ സാധിക്കുകയും ചെയ്തു. എന്നാൽ സ്വന്തം സഭയിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരുന്ന അന്തഃഛിദ്രങ്ങളും അവകാശതർക്കങ്ങളും മാർ ഈവാനിയോസിനെ വല്ലാതെ വേദനിപ്പിച്ചു. ഏതെങ്കിലും വിധത്തിൽ അതിനൊരു പരിഹാരം കണ്ടെത്തണമെന്നു് അദ്ദേഹം തീവ്രമായി ആഗ്രഹിച്ചു. സഭയിൽ സമാധാനം പുനഃസ്ഥാപിക്കു

www.malankaralibrary.com

ന്നതിനു് മാർഗ്ഗങ്ങൾ ആരായുന്നതിനായി സഭാനേതൃത്വം അദ്ദേഹത്തെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

ദീർഘകാലത്തെ സഭാപഠനവും അനുഭവജ്ഞാനവും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനു് മാർ ഈവാനിയോസിനു് പ്രേരകമായി ഭവിച്ചു.

## പുനരൈക്യം

സന്യാസിയും സത്യാന്വേഷിയുമായ മാർ ഈവാനിയോസ് തിരുസിംഹാസനവുമായി എഴുത്തുകുത്തുകൾ ആരംഭിച്ചു. ശാശ്വതമായ സമാധാനം സഭയിൽ ഉളവാകുന്നതിനു് മാതൃസഭയുമായുള്ള ബന്ധം അനിർവാര്യമാണെന്നദ്ദേഹം മനസ്സിലാക്കി. അങ്ങനെ 1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസും അനുയായികളും കൊല്ലം അരമനയിൽവച്ചു് ഭാഗ്യസ്മരണാർഹനായ ബൻസിഗർ തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. തുടർന്നുള്ള അദ്ദേഹത്തിന്റെ ജീവിതം പുനരൈക്യ പ്രസ്ഥാനത്തിന്റെ സർവ്വോന്മുഖമായ അഭിവൃദ്ധിയും വളർച്ചയും ഉന്നംവെച്ചുകൊണ്ടുള്ളതായിരുന്നു. മലങ്കര സഭയ്ക്കു് ശാശ്വത സമാധാനത്തിന്റെ പാത തുറന്നു കൊടുത്ത ആ കർമ്മയോഗി 1932-ൽ പീയൂസ് പതിനൊന്നാമൻ മാർപ്പാപ്പായെ സന്ദർശിച്ചു. അതേവർഷം തന്നെ ജൂൺ മാസം പതിനൊന്നാം തിയതി മലങ്കര ഹയരാർക്കി സ്ഥാപിച്ചു. അതുമുതൽ 1953വരെ മാർ ഈവാനിയോസ് തിരുവനന്തപുരം അതിരൂപതയുടെ മെ

www.malankaralibrary.com

ത്രാപ്പോലീത്താ, മലങ്കര ഹയറാർക്കിയുടെ നായകൻ, എന്നീ നിലകളിൽ സ്തുത്യർഹമായി സഭയെ നയിച്ചുകൊണ്ടിരുന്നു. 1947-ൽ കഥാപുരുഷൻ അമേരിക്കയും ആസ്ത്രേലിയായും സന്ദർശിച്ചു. 1953 ജനുവരി 29-ാം തീയതി തന്റെ പിൻഗാമിയായി അഭിവന്ദ്യ ബനഡിക്‌ററ് മാർ ഗ്രീഗോറിയോസിനെ മെത്രാനായി അഭിഷേകം ചെയ്തു. ഏതാനും മാസങ്ങൾക്കുശേഷം, 1953 ജൂലൈ 15-നു് ആ മഹാത്മാവു് ഈ ലോകത്തോടു് വിടപറഞ്ഞു. അദ്ദേഹത്തിന്റെ കബറിടം ഒരു തീർത്ഥാടന കേന്ദ്രമായി മാറിയിരിക്കുകയാണിന്നു്. അനേകായിരങ്ങൾ ആ പുണ്യചരിതന്റെ അന്തിമ വിശ്രമസ്ഥലം സന്ദർശിച്ചു അനുഗ്രഹാശിസ്സുകൾ പ്രാപിച്ചു തൃപ്തിയടയുന്നു.

www.malankaralibrary.com

# മാർ ഈവാനിയോസിന്റെ സന്യാസദർശനം

www.malankaralibrary.com

# മാർ ഈവാനിയോസിൻെറ ആദ്ധ്യാത്മീകത

മാർ ഈവാനിയോസിൻെറ ജീവിതനിയമം ക്രിസ്ത്വാനുകരണത്തിൽക്കൂടി ദൈവകൃപവും നിത്യജീവനും പ്രാപിക്കുകയെന്നുള്ളതായിരുന്നു. 'തന്നെ അനുഗമിക്കുന്നവർ സ്വയം പരിത്യജിച്ചു, അനുദിനകുരിശെടുത്തു തൻെറ പിന്നാലെ വരട്ടെ' എന്ന ക്രിസ്തുവിൻെറ ഉപദേശം അദ്ദേഹത്തെ ഹഠാദാകഷിച്ചു. ആയതിലേക്കു സവ്വസംഗപരിത്യാഗിയായി, ഈശ്വരപ്രാപ്തിമാത്രം ലക്ഷ്യമാക്കി കഥാപുരുഷൻ പെരുനാട് മുണ്ടൻമലയിൽ ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി: സ്വാതന്ത്ര്യം വെടിഞ്ഞ്, ലോകായതികതത്വത്തിൽ നിന്നും ഓടിമാറി സമപ്പൂണജീവിതത്തിൻെറ മുറകളുമായി മുന്നേറി, ക്രിസ്തുവിനെ അവിടുത്തെ പ്രാത്ഥനാപരവും കമ്മപരവുമായ ജീവിതത്തിൽ, കഴിയുന്നത്ര ദേശീയമായ രീതിയിൽ, അനുകരിക്കുക എന്നുള്ളതായിരുന്നു മാർ ഈവാനിയോസിൻെറ പ്രത്യേക ഉദ്ദേശം.

'ക്രിസ്ത്വാനുകരണം'കൊണ്ടു് മാർ ഈവാനിയോസ് ഉദ്ദേശിക്കുന്നതു് വെറും ബാഹ്യമായ അനുകരണമല്ല; പ്രത്യുത പുതിയ നിയമത്തിലെ പഠനങ്ങൾക്കനുസൃതമായി ക്രിസ്തുവിൻെറ ചൈതന്യവും ജീവിതവീക്ഷണവും

www.malankaralibrary.com

ഉൾക്കൊണ്ടുകൊണ്ടുള്ള അനുകരണമാണു്. 'ഈശോമിശിഹായുടെ മനോഭാവംതന്നെ നിങ്ങൾക്കും ഉണ്ടായിരിക്കണം' എന്ന പൗലോസപ്പോസ്തോലൻെറ ഉപദേശത്തിൻെറ (ഫിലി. 2:5) അന്തരാത്മം മാർ ഈവാനിയോസ് യേശുക്രിസ്തുവിൻെറ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളിൽ കണ്ടെത്തി. മനുഷ്യാവതാരം മുതൽ തുടങ്ങുന്ന യേശുവിൻെറ സ്വയം ശൂന്യമാക്കൽ (Kenosis) ദൈവസ്നേഹവും മനുഷ്യപരിത്രാണവും ഒരുപോലെ ആവിഷ്കരിക്കുന്നതായിരുന്നു. 'ബഥനി സന്യാസികൾ ക്രിസ്തുവിൻെറ എളിമ, പരിത്യാഗം, പീഡ, കുരിശു് ഇവകളെ പിൻചെല്ലണം' എന്നു പിതാവിൻെറ ഉപദേശത്തിൽ സൂചിതമായിരിക്കുന്നതു താൻ വിവക്ഷിച്ച ക്രിസ്ത്വാനുകരണത്തിൻെറ സ്വഭാവമാണു്.

ക്രിസ്ത്വാനുകരണമെന്ന ആശയം കഥാപുരുഷനിൽ ഉരുത്തിരിയുന്നതു് മനുഷ്യൻ ദൈവഛായയിലാണു് എന്നതിൽനിന്നത്രേ. ഈ ഛായയും അതിൻെറ വളർച്ചയും പ്രധാന നിദാനം ദൈവത്തിൻെറ പ്രവൃത്തിതന്നെയാണു്. പക്ഷേ അതിനു മനുഷ്യസഹകരണവുമാവശ്യമാണെന്നു അദ്ദേഹം മനസ്സിലാക്കി. എന്തുകൊണ്ടെന്നാൽ ക്രിസ്ത്വാനുകരണത്തിലൂടെയുള്ള പുണ്യാഭ്യസനം മൂലമാണല്ലോ അതു വെളിപ്പെടുത്തുന്നതു്. ഈ അർത്ഥത്തിൽ ക്രിസ്ത്വാനുകരണം ദൈവപ്രസാദത്തിനു വിധേയമാകുന്നു. എന്നാൽ സ്വതന്ത്രരായ നമ്മെ വിശുദ്ധീകരിക്കുന്നതിനു പ്രസാദം അത്യന്താപേക്ഷിതമായതുപോലെ ദൈവകൃപയോടുള്ള നമ്മുടെ സഹവർത്തിത്വവും വിധേയപൂർവ്വകമെങ്കിലും സുപ്രധാനമാണെന്നു അദ്ദേഹം കരുതി.

www.malankaralibrary.com

## പ്രാർത്ഥനയുടെ മനുഷ്യൻ

പ്രാർത്ഥനയുടെ മനുഷ്യനായ ക്രിസ്തുവിനെ അനുകരിയ്ക്കുവാൻ മാർ ഈവാനിയോസ് വ്യക്തമായ ചില മാർഗ്ഗങ്ങൾ പിന്തുടർന്നിരുന്നു. വിശുദ്ധകുർബാന, പ്രാർത്ഥന, ആദ്ധ്യാത്മിക പാരായണം, ധ്യാനം, ആത്മശോധന, വിശുദ്ധകുമ്പസാരം, മൗനം, തുടങ്ങിയവ പ്രാർത്ഥനാജീവിതത്തിന്റെ മാർഗ്ഗങ്ങളായി അദ്ദേഹം സ്വീകരിച്ചു. ക്രിസ്തുവിന്റെ ജീവിതം പിതാവായ ദൈവവുമായുള്ള ഐക്യത്തിന്റെ ബഹിർസ്ഫുരണമായിരുന്നതുപോലെ, തന്റെ സന്യാസജീവിതവും പ്രാർത്ഥനയുംവഴി പിതാവുമായി താദാത്മ്യം പ്രാപിക്കണമെന്നതായിരുന്നു മാർ ഈവാനിയോസിന്റെ ഉദ്ദേശം.

മനുഷ്യാവതാരം മുതൽ കാൽവരിയാഗംവരെ പ്രാർത്ഥനയുടെ മനുഷ്യനായിരുന്ന ക്രിസ്തുവിനെ സ്വജീവിതത്തിലേക്ക പകർത്താനുള്ള പരിശ്രമമായിരുന്നു മാർ ഈവാനിയോസിന്റെ വനാന്തരത്തിലെ ജീവിതമെന്നു കാണുവാൻ സാധിക്കും. വനത്തിന്റെ ഏകാന്തതയിൽ പ്രാർത്ഥനയായിരുന്നു പ്രധാന പരിപാടി. അധികം താമസിയാതെ അദ്ദേഹത്തിന്റെയും അനുയായികളുടെയും ലളിതവും കർക്കശവുമായ പ്രാർത്ഥനാജീവിതം അനേകായിരങ്ങളെ പെരുനാട് വനത്തിലേക്ക് ആകർഷിച്ചതിൽ അത്ഭുതപ്പെടാനില്ല. താപസന്മാരിൽനിന്നും ആത്മീകചൈതന്യം പ്രാപിക്കുക എന്നുള്ളതായിരുന്നു തീർത്ഥാടകരുടെ ലക്ഷ്യം. നോമ്പുകാലത്ത് ഈ പ്രവാഹം ക്രമാതീതമാകുകതന്നെയുണ്ടായി.

www.malankaralibrary.com

മാർ ഈവാനിയോസിന്റെ കത്തോലിക്കാസഭയുമായുള്ള പുനരൈക്യം പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ജീവിതത്തിനൊരു ഉത്തേജനമായിരുന്നു. തന്റെ ആത്മീകമക്കളിൽ ഒരാൾക്ക് അദ്ദേഹമെഴുതിയ ഒരു കത്തിൽനിന്നും തന്റെ പ്രാർത്ഥനാ, പരിത്യാഗത്തിന്റെ ആഴവും വ്യാപ്തിയും ഏറെക്കുറെ മനസ്സിലാക്കുവാൻ സാധിക്കും: 'പുണ്യപൂർണ്ണത പ്രാപിക്കുവാൻ നിരവധിയായ വിശുദ്ധാനുഷ്ഠാനങ്ങൾ നിർവ്വഹിക്കണം. ദുരഭിമാനം, സ്വാർത്ഥത, അനാദരവ്, എതിർപ്പ്, തന്നിഷ്ടം, ക്രമരാഹിത്യം, അശ്രദ്ധ ഇവയൊക്കെയും ജയിക്കുന്നില്ലെങ്കിൽ പുണ്യപരിശ്രമം വിഫലമാവുകയെയുള്ളു. ഇവയെല്ലാം ഒരു പേരിൽ ഒതുക്കാം—മനസ്സിന്റെ ഔദ്ധത്യം അല്ലെങ്കിൽ അഹങ്കാരം. ഇവയെ ജയിക്കുന്നതിന് അന്തരീക ആത്മസംയമനം ബാഹ്യേന്ദ്രിയങ്ങളുടെ സംയമനത്തോടൊപ്പം ആവശ്യമാണ്'.

മാർ ഈവാനിയോസിന്റെ പ്രാർത്ഥനാജീവിതവും പരിത്യാഗജീവിതവും അഭേദ്യം ബന്ധപ്പെട്ടിരുന്നു. 'പ്രാർത്ഥനയും പരിത്യാഗവും കൊണ്ടല്ലാതെ ഈ വർഗ്ഗത്തെ പുറത്താക്കാൻ സാദ്ധ്യമല്ല'(മർക്കോ. 9:29) എന്ന വേദവാക്യത്തെ അടിസ്ഥാനപ്പെടുത്തി തനിക്കും, തന്റെ അനുയായികൾക്കും ഒരു ജീവിതക്രമം അദ്ദേഹം തയ്യാറാക്കി. പൈശാചികശക്തികളോടുള്ള പോരാട്ടത്തിനും പുണ്യാഭ്യസനത്തിനും പരിത്യാഗാശ്രുപി ആവശ്യമാണെന്നു മനസ്സിലാക്കിയ കഥാപുരുഷൻ മാതൃകയായി സ്വീകരിച്ചതു് തന്റെ പരസ്യജീവിതാരംഭത്തിനുമുമ്പ് 40 പകലും രാവും ഉപവസിച്ച ക്രിസ്തുവിനെയാണ്. പ്രാർത്ഥനാജീവിതത്തെ പരിപോഷി

www.malankaralibrary.com

ഷ്ഠിക്കുന്ന ഉപവാസത്തിനു് വളരെ പ്രാധാന്യം കല്പിച്ചിരുന്നു; ഉപവാസം ആത്മാവിന്റെ ശക്തികേന്ദ്രമായിട്ടാണ് അദ്ദേഹം കരുതിയതു്. അതിനാൽ ആരാധനാക്രമജീവിതത്തിന്റെ ഒരു ഭാഗമായി ഉപവാസത്തെ കാണുകയും കർക്കശമായി അതനുഷ്ഠിക്കുകയും ചെയ്തിരുന്നു.

മാർ ഈവാനിയോസിന്റെ ഉപവാസഭക്തിയെ എടുത്തു കാട്ടുന്ന ഒരു സംഭവം മാർഗരററ് ഗിബൺസ് രേഖപ്പെടുത്തിയിട്ടുണ്ടു്: 'കഥാപുരുഷൻ നഗരപ്രാന്തത്തിൽ മിഷൻ ജോലിയിൽ വ്യാപൃതനായിരുന്നു. ഉച്ചഭക്ഷണസമയത്തു് ചില ഹൈന്ദവകുടുംബങ്ങൾ ഭക്ഷണവുമായി അദ്ദേഹത്തെ സമീപിച്ചു. അതൊരു ഉപവാസദിവസമായിരുന്നു. അവരെ പുഞ്ചിരിയോടെ സ്വാഗതം ചെയ്തശേഷം അദ്ദേഹം സംഗതി അവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തി. തുടർന്ന് തന്റെ സ്ഥാനത്തിരുന്ന് തനിയ്ക്കുവേണ്ടി ഭക്ഷണം കഴിക്കാൻ അയൽ വാസികളായ പാവപ്പെട്ടവരെ വിളിച്ചുകൊണ്ടുവരാൻ അദ്ദേഹം ആവശ്യപ്പെട്ടു'.

നൊമ്പുകാലവും വിശുദ്ധവാരവും അദ്ദേഹത്തിനു പ്രത്യേകമായ പ്രാർത്ഥനാദിനങ്ങളായിരുന്നു. പെരുനാട്ടിലെ ബഥനിയിൽ ധാരാളം ആളുകൾ പ്രസ്തുത കാലഘട്ടത്തിൽ തടിച്ചുകൂട്ടമായിരുന്നു. അവിടെ അവർ പ്രാർത്ഥനയിലും ഉപവാസത്തിലും ധ്യാനത്തിലും പങ്കുകൊണ്ടിരുന്നു. വിശുദ്ധവാരത്തിലെ എല്ലാ ദിവസങ്ങളിലും മാർ ഈവാനിയോസ്, എല്ലാവർക്കും ധ്യാനവും ഉപദേശവും നടത്തിയിരുന്നു. നോമ്പുകാലം മുഴുവനും വിശുദ്ധവാരത്തിലും ഉപവാ

www.malankaralibrary.com

സം നിഷ്ഠയായി പാലിച്ചിരുന്നു. നോമ്പുകാലങ്ങളിൽ മത്സ്യം, മാംസം, മുട്ട, പാൽ, പാലിൽനിന്നുള്ള മററു സാധനങ്ങൾ ഇവയെല്ലാം വർജ്ജിച്ചിരുന്നു. കൂടാതെ ബുധൻ വെള്ളി ദിവസങ്ങളിലും ഇവയൊക്കെ വർജ്ജിച്ചിരുന്നു. ഇതിനെല്ലാം പുറമെ മാർ ഈവാനിയോസും, അനുയായികളും സന്യാസശ്രേഷ്ഠൻെറ അനുവാദത്തോടെ സ്വന്തതീരുമാനത്തിൽ ഉപവാസമനുഷ്ഠിച്ചിരുന്നു.

പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ക്രിസ്തുവിനെ അനുകരിച്ചിരുന്ന മാർ ഈവാനിയോസിലെ ആന്തരികമനുഷ്യൻ സദാ ക്രിസ്തുവിൻെറ പ്രവർത്തനങ്ങളേയും പീഡാസഹനങ്ങളേയുംപററി ധ്യാനിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ഇതിൻെറ ബഹിർസ്ഫുരണമായിരുന്നു. ഒരുപദേശത്തിൽ ക്രിസ്തുവിൻെറ ജീവിതത്തെ നമ്മുടെ രക്ഷയുടെ ഔഷധമായിട്ടാണു് അദ്ദേഹം ചിത്രീകരിക്കുന്നതു്. 'ക്രിസ്തുവിൻെറ മനുഷ്യാവതാരജീവിതത്തിൻെറ ലക്ഷ്യം നമ്മുടെ രക്ഷയ്ക്കുള്ള ഔഷധനിർമ്മാണമായിരുന്നു; നമ്മുടെ ബുദ്ധിമുട്ടികളിലും പ്രലോഭനങ്ങളിലും ഈ മരുന്നു് നമുക്കു് രക്ഷനല്കും; ഈ ഔഷധകുംഭത്തിൽ ഓരോരുത്തരുടേയും അസുഖത്തിനുള്ള മരുന്നുകിട്ടും. ഈ ഔഷധകുംഭം കർത്താവിൻെറ ശരീരം തന്നെയാണു്. ഇതിനു് പല ഓവുകളുണ്ടു്—തിരുഹൃദയത്തിൽ, തിരുക്കാല്പാദങ്ങളിൽ, തിരുക്കൈകളിൽ ഏതു വഴിയും ആക്കും സൗഖ്യം നല്കുന്ന മരുന്നു് സ്വീകരിക്കാം. ഒരുകാര്യം ഓർമ്മിക്കുക: ഇതു നെല്ലിക്കാകഴിക്കുന്നതുപോലെയാണു്—ആദ്യം കയ്ക്കും, പിന്നെ മധുരിക്കും.

www.malankaralibrary.com

പെരുനാടൻ വനത്തിലെ ഏകാന്തതയിൽ പ്രാർത്ഥനയും ഉപവാസവും വഴി ദൈവവുമായി ഐക്യപ്പെട്ടിരുന്നപ്പോഴും ആ താപസവര്യൻ ഒരു കാര്യം ഓർത്തിരുന്നു: ബാഹ്യാനുഷ്ഠാനങ്ങളിൽ വ്യാപൃതമായിരിക്കുമ്പോഴും സുകൃതജപങ്ങൾ വഴിയും ദൈവസാന്നിദ്ധ്യസ്മരണകൾ വഴിയും ഹൃദയത്തെ സദാ ദൈവത്തിങ്കലേയ്ക്കുയർത്തുന്നതിന്, ഉപവിയിലധിഷ്ഠിതമായ പ്രാർത്ഥനാജീവിതം നയിക്കുന്നതിന് ധാരാളം തീക്ഷ്ണമതികളായ ആത്മാക്കളെ വിളിക്കണമെന്നും അദ്ദേഹം സദാ പ്രാർത്ഥിച്ചിരുന്നു.

## പ്രവർത്തനപാതയിൽ

കർമ്മനിരതനായ യേശുവിനെ പിന്തുടർന്ന് പെരുനാട്ടുവനത്തിലെ സന്യാസജീവിതകാലത്ത് മാർ ഈവാനിയോസ് ചിലപ്പോഴെല്ലാം ഗ്രാമങ്ങൾതോറും ചുററി സഞ്ചരിച്ച് ദൈവവചനം പ്രഘോഷിക്കുക പതിവായിരുന്നു. അസ്സീസ്സിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും പാതയിലൂടെ അദ്ദേഹം ദൈവഹിതം നിറവേററി. തന്റെ പ്രവർത്തനഫലമായി അനേകകുടുംബങ്ങളിൽ ശാന്തിയും സന്തോഷവും ഉളവായി; ചൈതന്യരഹിതമായിരുന്ന അവരുടെ ആരാധനക്രമത്തെ അദ്ദേഹം പുനരുദ്ധരിച്ചു; സഭയോടൊത്തു ചിന്തിക്കുവാനും സഭാതനയരായി ജീവിക്കുവാനും അദ്ദേഹം അവരെ ഉത്സുകരാക്കി.

www.malankaralibrary.com

മാർ ഈവാനിയോസിൻെറ സുവിശേഷ തീക്ഷ്ണത വളരെ അഗാധമായിരുന്നു. യാതൊരു വിവേചനവും കൂടാതെ സകലരോടും അദ്ദേഹം സുവിശേഷം പ്രസംഗിച്ചിരുന്നു. അധഃകൃതസമൂഹങ്ങളെ സാമൂഹികമായും മതപരമായും ഉയർത്തുവാനും അദ്ദേഹം യത്നിച്ചിരുന്നു. ഈ ലക്ഷ്യസാധ്യത്തിനായി പല സ്ഥലങ്ങളിലും സുവിശേഷ കേന്ദ്രങ്ങൾ അദ്ദേഹം തുറന്നു. ജാതിവ്യവസ്ഥയുടെ ദൂഷ്യഫലങ്ങൾ അനുഭവിച്ചവരായിരുന്നു ഈ അധഃകൃതസമൂഹങ്ങൾ. ദാരിദ്ര്യത്തിലും, ശുചിത്വമില്ലാത്ത അന്തരീക്ഷത്തിലുമായിരുന്നു ഇവരുടെ ജീവിതം. യാതൊരു വിദ്യാഭ്യാസവും ഇവക്കു ലഭിച്ചിരുന്നില്ല. ഈ സ്ഥിതി പരിഹരിക്കുന്നതിനു് മാർ ഈവാനിയോസ് ആത്മാർത്ഥമായും പരിശ്രമിച്ചു. പാവപ്പെട്ടവരുടെ കുടിലുകൾ സന്ദർശിക്കുക, അവക്കുവേണ്ടി യോഗങ്ങൾ സംഘടിപ്പിക്കുക, രോഗബാധിതക്കു് ആവശ്യമായ ഔഷധങ്ങൾ നല്കുക തുടങ്ങിയവയെല്ലാം അദ്ദേഹം നിറവേററി. ഇതിൻെറയെല്ലാം ഫലമായി പുലയരും, പറയരും കുറവരുമായ ധാരാളം പേർ സത്യവെളിച്ചം സ്വീകരിക്കുകയുണ്ടായി. കഥാപുരുഷൻെറ പ്രേഷിതതീക്ഷ്ണതയാണു അദ്ദേഹത്തെ കത്തോലിക്കാ സഭയിലേക്കാനയിച്ചതു് എന്നു പറയുന്നതിൽ യാതൊരു തെററുമില്ല.

1930-ൽ കത്തോലിക്കാ സഭയോടു് പുനരൈക്യപ്പെട്ടതോടുകൂടി മാർ ഈവാനിയോസിൻെറ കർമ്മനിരത ജീവിതം മറെറാരു ഘട്ടത്തിലേക്കു കടക്കുകയായിരുന്നു; വിഭിന്നങ്ങളായ മിഷ്യൻപരിപാടികളിലൂടെ അകത്തോലിക്കരും അക്രൈസ്തവരുമായ അനവധിപേരെ സത്യവിശ്വാ

www.malankaralibrary.com

സത്തിലേക്കാനയിക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. ഇരുപത്തിമൂന്നുകൊല്ലത്തെ കർമ്മനിരതമായ സഭാജീവിതത്തിനുള്ളിൽ സമൂഹത്തിലെ വിവിധ മണ്ഡലങ്ങളിൽപ്പെട്ട നിരവധിയാളുകളെ സത്യവിശ്വാസപാതയിലേക്കദ്ദേഹം സ്വീകരിച്ചു. ഇവരിൽ പാവപ്പെട്ടവരും രാഷ്ട്രീയനേതാക്കളും ഉൾപ്പെട്ടിരുന്നു; മെത്രാന്മാരും, വൈദികരും അദ്ദേഹത്തിന്റെ ത്യാഗാന്വിതമായ ജീവിതപ്രവർത്തനങ്ങളിൽ ആകൃഷ്ടരായി അദ്ദേഹത്തെ പിൻതുടർന്നു. 1953-ൽ മരിക്കുമ്പോൾ മാർ ഈവാനിയോസ് അറുപത്തയ്യായിരത്തോളം വിശ്വാസികളുടെ ഇടയനായിരുന്നു. ദൈവത്തിന്റെ ഒരു ഉപകരണമായിട്ടാണു് അദ്ദേഹം തന്നെത്തന്നെ എല്ലാക്കാര്യത്തിലും പരിഗണിച്ചിരുന്നതു്.

## പ്രാർത്ഥനയും പ്രവർത്തനവും

സദാ പ്രാർത്ഥിക്കുകയും നിരന്തരം പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്ത ക്രിസ്തുവിനെയാണു് മാർ ഈവാനിയോസ് ആദർശപുരുഷനായി സ്വീകരിച്ചതു് എന്നു് മുകളിൽ നാം കണ്ടുവല്ലോ. എന്നാൽ, ക്രിസ്തുവിന്റെ ജീവിതത്തിലെ രണ്ടു വിഭിന്നയാഥാർത്ഥ്യങ്ങളായിരുന്നില്ല പ്രാർത്ഥനയും പ്രവർത്തനവും. പിന്നെയോ- അവിടുത്തെ അസ്തിത്വത്തിന്റെ രണ്ടു ഭാവങ്ങളായിരുന്നു. അതുപോലെ മാർ ഈവാനിയോസിന്റെ പ്രാർത്ഥനയും പ്രവർത്തനവും രണ്ടു് വ്യത്യസ്തഘടകങ്ങളല്ലായിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം പ്രവർത്തനത്തിലേക്കും, പ്രവർത്തനം പ്രാർത്ഥനയിലേക്കും നയിക്കുന്നതായിട്ടാണു് നാം കാണുന്നതു്. പ്രാർത്ഥനാജീവിതത്തിന്റെ ബഹിർസ്ഫുരണമായിരുന്നു ബാഹ്യ

www.malankaralibrary.com

ജീവിതം. പകൽ സമയം ഉപവിപ്രവർത്തനങ്ങൾക്കായി ചിലവിട്ടപ്പോൾ രാത്രിയുടെ നീണ്ടയാമങ്ങൾ സനാതന സത്യത്തിന്റെ മുമ്പിൽ അദ്ദേഹം ചിലവഴിച്ചിരുന്നു. ചുരുക്കത്തിൽ ക്രിസ്തുവിനെ അനുകരിച്ച് പ്രാർത്ഥനയും പ്രവർത്തനവും സമന്വയിപ്പിച്ച ഒരു താപസജീവിതമാണ് മാർ ഈവാനിയോസിന്റെ സന്യാസദർശനം.

## ഭാരതീയാഭിമുഖ്യം

മാർ ഈവാനിയോസിന്റെ ആദ്ധ്യാത്മികതയുടെ പ്രത്യേകത അതിന്റെ ഭാരതീയാഭിമുഖ്യമാണ്. തന്റെ ജീവിതനിയമമായ ക്രിസ്ത്വാനുകരണം, ഭാരത സംസ്കാരമൂല്യങ്ങൾക്കും സന്യാസമുറകൾക്കും എല്ലാം അനുസൃതമായിരുന്നു. ഭാരതസഭയിൽ പാശ്ചാത്യാചാരങ്ങൾക്കോ സംസ്കാരത്തിനോ നീണ്ടു നില്ക്കുവാൻ സാധിക്കയില്ല, ഭാരതീയ ജനത അതിനെ സ്വീകരിക്കുകയില്ല, എന്നു് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. തന്നിമിത്തം ഇൻഡ്യൻ സംസ്കാരത്തിനനുയോജ്യമായ ഒരു ക്രിസ്തീയ സന്യാസജീവിതമായിരുന്നു മാർ ഈവാനിയോസിന്റേതു്: 'ക്രിസ്തുവിനെ അവിടുത്തെ പ്രാർത്ഥനാപരവും കർമ്മോദ്യുക്തവുമായ ജീവിതത്തിൽ ദേശീയമായ രീതിയിൽ അനുകരിക്കുക. അതായതു് ദേശീയമായ സംസ്കാരത്തിനനുസൃതമായ സന്യാസജീവിതം, ഭാരതീയ സന്യാസത്തിന്റെ അന്തരാത്മാവിനേയും ജീവിതമുറകളേയും ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു സമർപ്പണജീവിതം. ആയതിലേക്കു് സർവസംഗ പരിത്യാഗികളായ ഭാരതീയ സന്യാസികളെപ്പോലെ, ഈശ്വരപ്രാപ്തി മാത്രം ലക്ഷ്യമാക്കി ജീവിതം നയിക്കുന്ന മുനിമാരെപ്പോലെ, മാർ ഈവാനിയോ

www.malankaralibrary.com

സ്യം പെരുനാട് മുണ്ടൻമലയിൽ സ്വാതന്ത്രത വെടിഞ്ഞു് ലോകായതികത്വത്തിൽനിന്നു വിട്ടുമാറി സന്യാസജീവിത മുറകളുമായി ജീവിതം ആരംഭിച്ചു.

ഹൈന്ദവസന്യാസികളെപ്പോലെ ലളിതവും എളിയതുമായ ഒരു ജീവിതമാണ് മുണ്ടൻമലയിൽ മാർ ഈവാനിയോസ് നയിച്ചതു്. വനാന്തരത്തിൽ ചെററകുടിലിൽ സസ്യാദികളും ഭക്ഷിച്ചു് കാവിവസ്ത്രധാരിയായി അദ്ദേഹം ജീവിച്ചു. പ്രാർത്ഥനാരീതി, ദൈവാരാധന തുടങ്ങിയവയിലെല്ലാം ഭാരതീയ ഗുരുക്കളെ കഴിയുന്നത്ര മാതൃകയായി സ്വീകരിച്ചു. ഹൈന്ദവശാസ്ത്രപഠനം തൻെറ ദിനചര്യയിൽ ഉൾപ്പെടുത്തി. പ്രതീക്ഷയുടെ അടയാളമായ തടികുരിശു ചരടിൽ ബന്ധിച്ചു് കഴുത്തിൽ ധരിച്ചിരുന്നു. ഹിന്ദുസന്യാസികളെപ്പോലെ കാവിഷാളും പുതച്ചു് ദീക്ഷയും വളർത്തി നിഷ്പാദുകനായി നടന്നിരുന്ന മാർ ഈവാനിയോസിൽ, ലൗകായതികത്വത്തിൻെറ യാതൊരു ലാഞ്ഛനയും പോലും സ്ഥാനമില്ലായിരുന്നു. ചുരുക്കത്തിൽ, തികച്ചും ഭാരതീയമായ രീതിയിലാണു് മാർ ഈവാനിയോസ് ക്രിസ്തുവിനെ അനുകരിച്ചിരുന്നതു്. അദ്ദേഹത്തിൻെറ മാതൃക പിൻകാലങ്ങളിൽ പലരും സ്വീകരിച്ചതായി ചരിത്രം സാക്ഷിക്കുന്നു.

മാർ ഈവാനിയോസിൻെറ ജന്മശതാബ്ദി കൊണ്ടാടുന്ന ഈ നാളുകളിൽ അദ്ദേഹത്തിൻെറ ജീവിതവും ആദ്ധ്യാത്മികതയും ബഥനി സന്യാസിനി സന്യാസികൾക്കും മലങ്കരമക്കൾക്കു പൊതുവിലും പ്രചോദനവും ഉണർവും പ്രദാനം ചെയ്യട്ടെ.

www.malankaralibrary.com

# മാർ ഈവാനിയോസിന്റെ ജീവിതത്തിലെ സ്മരണീയ ദിനങ്ങൾ

| | |
|---|---|
| ജനനം | 1882 സെപ്റ്റംബർ 21 |
| മാമ്മോദീസാ, മൂറോനഭിഷേകം | 1882 ഒക്ടോബർ 4 |
| ശെമ്മാശുപട്ടം | 1900 ജനുവരി 9 |
| വൈദികപട്ടം | 1908 സെപ്റ്റംബർ 15 |
| എം. ഡി. ഹൈസ്കൂൾ പ്രിൻസിപ്പൽ | 1908–1913 |
| സെറാംപൂർ പ്രൊഫസർ | 1913–1919 |
| ബഥനി ആശ്രമസ്ഥാപനം | 1919 ആഗസ്റ്റ് 23 |
| വ്രതവാഗ്ദാനം | 1920 പെന്തിക്കുസ്തിദിനം |
| റമ്പാൻ സ്ഥാനം | 1925 ജനുവരി 28 |
| മെത്രാഭിഷേകം | 1925 മേയ് 1 |
| ബഥനി സന്യാസിനി സമൂഹ സ്ഥാപനം | 1925 സെപ്തംബർ 8 |
| ബഥനി മെത്രാപ്പോലീത്താ | 1929 ഫെബ്രുവരി 15 |
| പുനരൈക്യം | 1930 സെപ്റ്റംബർ 20 |
| റോമിൽ മാർപ്പാപ്പയെ സന്ദർശിച്ചു | 1932 മേയ് 2 |
| അമേരിക്കൻ ആസ്ട്രേലിയൻ പര്യടനം | 1947–48 |
| കന്തീലശുശ്രൂഷ | 1952 സെപ്റ്റംബർ 14 |
| മരണം | 1953 ജൂലൈ 15 |

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ബഥനി പബ്ളിക്കേഷൻസ്


1 ഗിരിദീപം

2 സന്യാസജീവിതസഹായി

3 സഭാവത്സരം

4 ധ്യാനകുസുമങ്ങൾ

5 വിശുദ്ധ കുർബാന

6 വിശുദ്ധ കുമ്പസാരം

7 സാമീപ്യം

8 കൂദാശകൾ മലങ്കരസഭയിൽ

9 ദിവ്യാതിഥി

10 സീറോ മലങ്കരസഭ

11 ഗാനാമൃതം

12 വിജയ വീഥികൾ

13 The Spiritual Heritage of the Malankara Church.

14 മാർ ഈവാനിയോസ് സൂക്തങ്ങൾ

15 ബഥനിയുടെ മാർ ഈവാനിയോസ്

16 ജ്ഞാനി


www.malankaralibrary.com